(എ) സംസ്ഥാനത്ത് അന്ത്യോദയ അന്നയോജന പദ്ധതിയിൽ എത്ര കുടുംബങ്ങളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന് അറിയിക്കുമോ;

(ബി) ഇവർക്ക് എത്ര രൂപ നിരക്കിലാണ് അരി നൽകുന്നതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൻപ്രകാരം ആകെ എത്ര കിലോ അരി പ്രതി മാസം വിതരണം ചെയ്യേണ്ടിവരുന്നു എന്നും ഇതിൽ കേന്ദ്ര സഹായം എത്ര എന്നും വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത പദ്ധതിയിൽ കൂടുതൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്താൻ ഉദ്ദേശമുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അന്ത്യോദയ അന്നയോജന പദ്ധതിയിൽ 5,95,800 കുടുംബങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) കിലോഗ്രാമിന് 3 രൂപ.

(സി) 20853000 കിലോ അരിയാണ് പ്രതിമാസം വിതരണം ചെയ്യേണ്ടി വരുന്നത്. ഇതിലേയ്ക്ക് വേണ്ടി വരുന്ന മുഴുവൻ അരിയും കേന്ദ്ര സർക്കാർ ആണ് അനുവദിച്ചു നൽകുന്നത്.

(ഡി) കൂടുതൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്തുന്ന കാര്യം തീരുമാനിക്കുന്നത് കേന്ദ്ര സർക്കാർ ആണ്.

പൊതുവിതരണ രംഗത്തെ വിലനിലവാരം

142 [455] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മെയ് മാസത്തിൽ യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ പൊതു കമ്പോളത്തിലും സിവിൽ സപ്ലൈ കോർപ്പറേഷന്റെ മാവേലി സ്റ്റോറിലും അരിയടക്കമുള്ള പലവ്യഞ്ജന സാധനങ്ങളുടെ അന്നത്തെ വില നിലവാരവും ഇപ്പോഴത്തെ വിലനിലവാരവും ഇനം തിരിച്ച് വെളിപ്പെടുത്തുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(ബി) പയർ വർഗ്ഗങ്ങളുടെ വർദ്ധിച്ചു വരുന്ന വില തടഞ്ഞു നിർത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

2/286/12-21

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)

ഇനം	2001 മേയ്		2006 ഫെബ്രുവരി	
	കുറഞ്ഞ കമ്പോള വില	മാവേലി സ്റ്റോറിലെ വില	കുറഞ്ഞ കമ്പോള വില	മാവേലി സ്റ്റോറിലെ വില
അരി (മട്ട)	14.50	13.40	13.30	11.90
ചെറുപയർ	28.00	22.00	36.50	30.00
ഉഴുന്നുബോൾ	34.00	33.00	44.90	35.00
വൻകടല	26.00	22.00	29.50	23.00
വൻപയർ	18.00	16.00	24.50	20.00
തുവരപരിപ്പ്	26.00	21.00	30.60	25.00
പീസ്പരിപ്പ്	17.00	14.00	22.50	17.50
വറ്റൽമുളക്	34.00	30.60	38.00	32.00
മല്ലി	34.00	28.00	30.00	28.00
ജീരകം	120.00	96.00	99.00	87.00
കടുക്	20.00	16.00	26.00	23.00
ഉലുവ	30.00	20.00	25.60	23.00
പഞ്ചസാര	15.50	14.50	20.00	18.00

(ബി) പൊതു കമ്പോളത്തിലെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിച്ച് സാധാരണക്കാർക്ക് ആവശ്യമായ സാധനങ്ങൾ ന്യായവിലയ്ക്ക് വിതരണം ചെയ്യുകയെന്ന സർക്കാർ നയത്തിന്റെ ഭാഗമായി കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഇപ്പോൾ 2284 ചില്ലറ വിൽപ്പന ശാലകളിലൂടെ അതതുമാസം സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്ക് അവശ്യ സാധനങ്ങൾ വിതരണംചെയ്തു വരുന്നു. പൊതു കമ്പോളത്തിലെ വിലയേക്കാൾ 10% മുതൽ 15% വരെ വിലകുറച്ചാണ് സപ്ലൈകോ നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്തുവരുന്നത്. കൂടാതെ ഉത്സവ കാലങ്ങളിലും മറ്റടിയന്തിര സാഹചര്യങ്ങളിലും വിലക്കയറ്റത്തെ ഫലപ്രദമായി നേരിടുന്നതിന് മാർക്കറ്റിൽ സപ്ലൈകോ ശക്തമായി ഇടപെടൽ നടത്താറുണ്ട്.

കണ്ണൂർ ജില്ലയിൽ മാവേലിസ്റ്റോർ നിലവിലില്ലാത്ത പഞ്ചായത്തുകൾ

143 [456] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ മാവേലി സ്റ്റോർ നിലവിലില്ലാത്ത പഞ്ചായത്തുകളിൽ പുതുതായി മാവേലി സ്റ്റോർ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly